# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2386** — **18.07.2011 ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തവർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യം പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കടിശ്ശികയായിട്ടുള്ള വായ്പക്കാർക്ക് പ്രത്യേക ഇളവുകളോടെ വായ്പക്കണക്കവസാനിപ്പിക്കുന്നതിനുള്ള കടിശ്ശിക നിവാരണ പദ്ധതി "ആശ്വാസ് 2011" ജൂലയ് 1 മുതൽ 45 ദിവസത്തേക്ക് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി 41/2011 – നമ്പർ സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനായി അദാലത്തുകൾ സംഘടിപ്പിക്കുമോ; | (ബി) "ആശ്വാസ് 2011" പദ്ധതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ 23.06.2011 ലെ 41/2011 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ ഓരോ സംഘത്തിനും കടിശ്ശികക്കാരുടെ അദാലത്തുകൾ സംഘടിപ്പിച്ച് പദ്ധതിയുടെ പ്രയോജനം സഹകാരികൾക്ക് ലഭ്യമാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുത്ത് കടിശ്ശിക വരുത്തിയവരെ സഹായിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) സഹകരണ വകുപ്പ് 2011 ജൂലയ് 1 മുതൽ 45 ദിവസത്തേക്ക് നടപ്പിലാക്കി വരുന്ന "ആശ്വാസ് 2011" കടിശ്ശിക നിവാരണ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ |

നിയന്ത്രണത്തിൽ വരുന്ന എല്ലാ സംഘങ്ങളിലെ/ബാങ്കുകളിലെയും (ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെ) കുടിശ്ശിക വായ്പക്കാർക്കും ലഭിക്കുന്നതാണ്. 2011 ജൂൺ 30 – ൽ പൂർണ്ണമായും കുടിശ്ശികയായ വായ്പകൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. 10 ലക്ഷം രൂപവരെയുള്ള കുടിശ്ശിക വായ്പകളിൽ പിഴപ്പലിശ, നോട്ടീസ് ചാർജ്, മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി മുതലും, മുതലിന് വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണ് കുറവ്, ആയത് പ്രകാരമുള്ള പലിശ തുകയും, ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ ബാങ്കിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയതും ഒടുക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. ഇപ്രകാരം 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പലിശ കണക്കാക്കുമ്പോൾ പലിശ മുതലിനേക്കാൾ അധികരിക്കാതെ നിജപ്പെടുത്തുന്നതാണ്. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക വായ്പകൾ, പിഴപ്പലിശ, നോട്ടീസ് ചാർജ്, മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി മുതലും, മുതലിന് വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണ് കുറവ്, ആയത് പ്രകാരമുള്ള പലിശ തുകയും, ടി പലിശ തുകയുടെ 10% ൽ അധികരിക്കാതെ എസ്റ്റാബ്ളിഷ്മെന്റ് ചെലവും, ആർബിട്രേഷൻ എക്സിക്യൂഷൻ ഫീസ് എന്നിവ ബാങ്കിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയതും ഒടുക്കി വായ്പക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്. മരണപ്പെട്ട വായ്പക്കാരുടെ തുകകൾ, മാരകരോഗം ബാധിച്ചവർ/മാരകരോഗം ബാധിച്ചവർ ഉള്ള കുടുംബാംഗങ്ങൾ, വിധവകൾ തുടങ്ങി

| | |
|---|---|
| | പരിഗണന അർഹിക്കുന്ന വായ്പക്കാർക്ക് പരമാവധി ഇളവുകൾ പദ്ധതി കാലയളവിൽ ലഭിക്കുന്നതാണ്. |
| (ഡി) സഹകരണ ബാങ്കുകൾ വഴി നെൽകൃഷിക്ക് പലിശരഹിത വായ്പ യും നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കമോ;<br>(ഇ) ഇല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) (ഇ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ /ബാങ്കുകളിൽ നിന്നും, ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 6 മാസ കാലയളവിൽ നെൽകർഷകർ നെൽകൃഷിക്ക് എടുക്കുന്ന കാർഷിക വായ്പയുടെ പലിശബാധ്യത സർക്കാർ വഹിക്കുന്നു, നെൽകൃഷിക്കുള്ള പലിശരഹിത വായ്പാ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കി വരുന്നു. നെൽകൃഷിക്ക് 25,000/- രൂപ വരെ പലിശ രഹിത വായ്പ നൽകിയിരുന്നത് ഇപ്പോൾ പരിധിയില്ലാതെ നൽകി വരുന്നുണ്ട്. പാടശേഖര സമിതികൾക്കും, ടി പലിശ രഹിത വായ്പാ പദ്ധതി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ